പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

| | |
|---|---|
| നക്ഷത്ര ചിഹ്നമിടാത്തചോദ്യം<br>നം. 1742 | 07/03/2018 ൽ മറുപടി<br>നല്കേണ്ടത്. |

**മാനസികരോഗത്തിന് ചികിത്സാ സൗകര്യം**

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ.ആർ. രാമചന്ദ്രൻ** | | **ശ്രീമതി .കെ.കെ. ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യ നീതിയും വകുപ്പ് മന്ത്രി) |
| എ) | സംസ്ഥാനത്തെ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ മാനസികരോഗത്തിന് ചികിത്സാസൗകര്യം ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദീകരിക്കാമോ; | എ) | ജില്ലാ മെന്റൽ ഹെൽത്ത് പരിപാടി മുഖേന എല്ലാ സാമൂഹ്യ ആരോഗ്യ കേന്ദ്രങ്ങളിലും, മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് ചികിസ്ത ലഭ്യമാക്കുന്നുണ്ട്.ഇതിൽ ഔഷധ ചികിത്സയും മന:ശ്ശാസ്ത്ര ചികിത്സാരീതിയും, ആവശ്യമുള്ളവർക്ക് റീഹാബിലിറ്റേഷനും നൽകി വരുന്നുണ്ട്. ഇതിന് വേണ്ടി സൈക്യാട്രിസ്റ്റ്, സൈക്യാട്രിക് സോഷ്യൽ വർക്കർ, ക്ലിനിക്കൽ സൈക്കോളജിസ്റ്റ് എന്നിവരടങ്ങുന്ന ടീം മാസം തോറും സാമൂഹ്യ ആരോഗ്യകേന്ദ്രങ്ങളിൽ ക്ലിനിക്ക് നടത്തി വരുന്നു. ഇതിന് പുറമെ, പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലെ ഡോക്ടർമാർ,നഴ്സുമാർ,ഫാർമസിസ്റ്റ് മറ്റ് ആരോഗ്യ പ്രവർത്തകർക്കും മാനസികാരോഗ്യപരിശീലനം നൽകിയിട്ടുണ്ട്. ഈ മാനസിക രോഗികളുടെ തുടർ ചികിത്സയും മരുന്നുകളും അവരുടെ തൊട്ടടുത്തുള്ള പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ ലഭ്യമാക്കുവാനുള്ള നടപടികളും സ്വീകരിച്ചു വരുന്നുണ്ട്. തിരുവനന്തപുരം ജില്ലയിൽ ഇത് പൂർണ്ണമായും നടപ്പിലാക്കിക്കഴിഞ്ഞു. കൂടാതെ 170 കുടുംബാരോഗ്യ കേന്ദ്രങ്ങളിലായി വിഷാദരോഗം കണ്ടെത്തുവാനും ചികിത്സിക്കുവാനും ആശ്വാസം പദ്ധതിയും നിലവിലുണ്ട്.ഇതിനായി കുടുംബാരോഗ്യ കേന്ദ്രത്തിലെ ഡോക്ടർമാർ , നഴ്സുമാർ മറ്റ് ആരേഗ്യപ്രവർത്തകർ എന്നിവർക്കും പരിശീലനം നൽകിയിട്ടുണ്ട്. കുടുംബാരോഗ്യകേന്ദ്രങ്ങളിൽ സമ്പൂർണ്ണ മാനസികാരോഗ്യ പദ്ധതി പ്രകാരം ആശാവർക്കർമാർക്ക് പരിശീലനം നൽകുകയും വീട് സന്ദർശനത്തിലൂടെ മാനസികരോഗം /പ്രശ്നങ്ങൾ ഉള്ളവരെ കണ്ടെത്തി കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ എത്തിച്ച് ചികിത്സ നൽകി വരുന്നു. |
| ബി) | ഇവിടെ ക്ലിനിക്കൽ സൈക്കോളജി | ബി) | പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ ക്ലിനിക്കൽ |

| | | | |
|---|---|---|---|
| | സ്റ്റിനെ നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | | സൈക്കോളജിസ്റ്റിനെ നിയമിക്കുന്നത് പ്രായോഗികമല്ല. ജില്ലാ മെന്റൽ ഹെൽത്ത് പരിപാടിയിലൂടെ ക്ലിനിക്കൽ സൈക്കോളജിസ്റ്റിന്റെ സേവനം സാമൂഹ്യാരോഗ്യ കേന്ദ്രങ്ങളിൽ ലഭ്യമാണ്. |
| സി) | മാനസികാസ്വാസ്ഥ്യം ഉള്ളവർക്ക് അവശ്യമരുന്നുകൾ ലഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | സി) | ജില്ലാ മെന്റൽ ഹെൽത്ത് പരിപാടി മുഖേന എല്ലാ സാമൂഹ്യാരോഗ്യ കേന്ദ്രങ്ങളിലും മാനസികാസ്വാസ്ഥ്യം ഉള്ളവർക്ക് ചികിത്സയും അവശ്യമരുന്നുകളും ലഭ്യമാണ്. |

സെക്ഷൻ ഓഫീസർ